**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

നം.28572/എഫ്.എം.1/2011/തസ്വഭവ തിരുവനന്തപുരം, തീയതി: 07.06.2011

**സർക്കുലർ**

വിഷയം:– തദ്ദേശസ്വയംഭരണ വകുപ്പ് – 2011–12 വാർഷിക പദ്ധതി – വികസനഫണ്ട് വിനിയോഗത്തിലെ ഷോർട്ട്ഫാൾ തുക സാധാരണ വിഹിതത്തെക്കാൾ കൂടുതലായ തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി അന്തിമമാക്കുന്നത് – സംബന്ധിച്ച്

സൂചന:–
1. സ.ഉ(പി)നം.177/06/ധന; തീയതി 12.04.2006
2. സ.ഉ.(പി)നം.603/2007/ധന; തീയതി 22.12.2007
3. സ.ഉ.(സാധാ)നം.1051/2010/തസ്വഭവ; തീയതി 26.03.2010

വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് ഇനങ്ങളിൽ ഒരു സാമ്പത്തിക വർഷം ലഭ്യമാകുന്ന തുകയിൽ നിന്നും നിശ്ചിത ശതമാനം തുക ചെലവഴിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഷോർട്ട്ഫാൾ തുക (നിശ്ചിത ശതമാനം ചെലവ് ആകുന്നതിന് വേണ്ടിയിരുന്ന തുക) നഷ്ടപ്പെടുകയും അത് തുടർന്നുള്ള രണ്ടാമത്തെ വർഷത്തെ ബജറ്റ് വിഹിതത്തിൽ കുറവ് ചെയ്യുന്നതുമായ രീതിയാണ് ഇപ്പോൾ നിലവിലുള്ളത്. 2009–10 സാമ്പത്തിക വർഷത്തെ സംബന്ധിച്ചിടത്തോളം മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരമുള്ള മാനദണ്ഡങ്ങളാണ് ഷോർട്ട്ഫാൾ കണക്കാക്കുന്നതിന് ബാധകമായിട്ടുള്ളത്. ഈ മാനദണ്ഡങ്ങളനുസരിച്ചുള്ള 2009–10 സാമ്പത്തിക വർഷത്തെ ഷോർട്ട്ഫാൾ തുക 2011–12–ലെ ബജറ്റ് വിഹിതങ്ങളിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്.

2. വികസനഫണ്ടിന്റെ കാര്യത്തിൽ പൊതുവിഭാഗം, പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ ഉപപദ്ധതി എന്നീ വിഭാഗങ്ങളിലായി അർഹതപ്പെട്ട ആകെ തുകയിൽ നിന്നും ഷോർട്ട്ഫാൾ കുറവ് ചെയ്താണ് ബജറ്റിന്റെ അനുബന്ധം IV–ൽ ഫണ്ട് വകയിരുത്താറുള്ളത്. ഷോർട്ട്ഫാൾ തുക പൂർണ്ണമായും പൊതുവിഭാഗത്തിൽ നിന്നും കുറവ് ചെയ്ത് വാർഷിക പദ്ധതി തയ്യാറാക്കുന്ന രീതിയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ അവലംബിച്ചു വരുന്നത്. എന്നാൽ നടപ്പുവർഷം വികസനഫണ്ടിലെ ഷോർട്ട്ഫാൾ പൊതുവിഭാഗത്തിലെ സാധാരണ വിഹിതത്തെക്കാൾ കൂടുതലായ ഏതാനും തദ്ദേശഭരണ സ്ഥാപനങ്ങളുണ്ട്. ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം പൊതുവിഭാഗത്തിലെ സാധാരണ വിഹിതത്തിൽ നിന്ന് കുറവ് ചെയ്തതിനുശേഷവും ഷോർട്ട്ഫാൾ അവശേഷിക്കുന്നത് കാരണം പദ്ധതി രൂപീകരണ പ്രക്രിയയിൽ തടസം നേരിട്ടിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3. പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ ഉപപദ്ധതി വിഹിതങ്ങൾ യഥാക്രമം പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ വികസനത്തിനായി പ്രത്യേകം വകയിരുത്തി അനുവദിക്കുന്ന ഫണ്ട് ആയതിനാൽ അവ നഷ്ടപ്പെടാതെ സംരക്ഷിക്കേണ്ടതുണ്ട് എന്ന വസ്തുത കൂടി കണക്കിലെടുത്തുകൊണ്ട് മേൽപ്പറഞ്ഞ തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി അന്തിമമാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്നു.

4. വികസനഫണ്ട് വിനിയോഗത്തിലെ ഷോർട്ട്ഫാൾ തുക പൊതുവിഭാഗത്തിലെ സാധാരണ വിഹിതത്തിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. ഇപ്രകാരം സാധാരണ വിഹിതത്തിൽ നിന്ന് കുറവ് ചെയ്തതിനുശേഷവും ഷോർട്ട്ഫാൾ അവശേഷിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ബാക്കിയുള്ള തുക പ്രത്യേക ഘടക പദ്ധതി വിഹിതത്തിൽ നിന്നും

കുറവ് ചെയ്യണം. പ്രത്യേക ഘടക പദ്ധതി വിഹിതത്തിൽ നിന്ന് ഷോർട്ട്ഫാൾ കുറവ് ചെയ്തതിനുശേഷവും ഷോർട്ട്ഫാൾ അവശേഷിക്കുകയാണെങ്കിൽ അത് പട്ടിക വർഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. ഇപ്രകാരം പ്രത്യേകഘടക പദ്ധതി, പട്ടികവർഗ ഉപപദ്ധതി വിഹിതങ്ങളിൽ നിന്നും നടപ്പുവർഷം കുറവ് ചെയ്യുന്ന തുക അടുത്തവർഷത്തെ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ ഉപപദ്ധതി വിഹിതങ്ങളിലേക്ക് അധികം വകയിരുത്തി പരിഹരിക്കേണ്ടതാണ്. മേൽപ്പറഞ്ഞ മാർഗനിർദ്ദേശങ്ങൾ പാലിച്ചായിരിക്കണം തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി അന്തിമമാക്കേണ്ടത്.

**എസ്.എം.വിജയാനന്ദ്**
അഡീഷണൽ ചീഫ് സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
8 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
9 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
10 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
11 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
12 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
13 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
14 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
15 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
16 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
17 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും
18 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
21 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
22 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
23 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
24 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
25 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
26 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
27 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
28 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
29 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ (പഞ്ചായത്തീ രാജ്) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ (നഗരകാര്യ) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശസ്വയംഭരണ (ഗ്രാമവികസന) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ്

3\. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്

4\. തദ്ദേശസ്വയംഭരണ ഡി.എ/ ഡി.ബി/ഡി.സി/ഡി.ഡി സെക്ഷനുകൾക്ക്